**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 774** **17-09-2025 - ൽ മറുപടിയ്ക്ക്**

**കയറ്റുമതി ചെയ്ത മിച്ച സൗരോർജ്ജത്തിനുള്ള സെറ്റിൽമെന്റ് നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2025 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് പുരപ്പുറ സോളാർ ഉല്പാദകർ കയറ്റുമതി ചെയ്ത മിച്ച സൗരോർജ്ജത്തിനുള്ള സെറ്റിൽമെന്റ് നിരക്ക് (എപിപിസി) കെഎസ്ഇആർസി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിരക്ക് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2025 മാർച്ച് 31 – ന് അവസാനിക്കുന്ന വർഷത്തേയ്ക്ക്, പുരപ്പുറ സോളാർ ഉത്പാദകർ ഗ്രിഡിലേയ്ക്ക് പകൽ സമയത്ത് നൽകിയ അധിക വൈദ്യുതിയ്ക്ക് യൂണിറ്റിന് 3 രൂപ 26 പൈസയാണ് കമ്മീഷൻ അംഗീകരിച്ചത്. 2024 മാർച്ച് 31 ന് അവസാനിച്ച് വർഷത്തേക്ക് അംഗീകരിച്ച നിരക്ക് യൂണിറ്റിന് 3 രൂപ 15 പൈസ ആയിരുന്നു. ഇതിനേക്കാൾ യൂണിറ്റിന് 11 പൈസ കൂടുതൽ ആണ് 2025 മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തേയ്ക്ക് അംഗീകരിച്ച് നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത സെറ്റിൽമെന്റ് നിരക്ക് (എപിപിസി) പ്രഖ്യാപിക്കുന്നതിന് കെഎസ്ഇആർസി സ്വന്തം റെഗുലേഷൻ ( കെഎസ്ഇആർസി പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ 2020) ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | മുൻ വർഷത്തെ വൈദ്യുതി വാങ്ങൽ ചെലവിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്ത് പുരപ്പുറ സോളാർ ഉത്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയുടെ സെറ്റിൽമെന്റ് നിരക്ക് നിശ്ചയിച്ചിരുന്നത്.<br><br>എന്നാൽ 2023-24 വർത്തേയ്ക്ക്, താഴെപ്പറയുന്ന കാരണങ്ങളാൽ, വൈകുന്നേരം 6 മണി മുതൽ 10 മണി വരെയും, കൂടാതെ രാത്രി 10 മണി മുതൽ രാവിലെ 9 മണി വരെയുമുള്ള സമയങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായി വർദ്ധിക്കുകയും, അതു കാരണം ടി സമയങ്ങളിലെ വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രണാതീതമായി വർദ്ധിക്കുകയും ചെയ്തിരുന്നു.<br><br>I. സംസ്ഥാനത്ത് 2023-24 വർഷത്തിൽ, ലഭിച്ച മഴ, സാധാരണ ലഭിക്കുന്നതിനേക്കാൾ വളരെ കുറവായിരുന്നു. ഇതുകാരണം ജല വൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉത്പാദനത്തിൽ സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ **1,477** ദശലക്ഷം യൂണിറ്റ് കുറവുണ്ടായിരുന്നു.<br><br>II. രാജ്യത്താകമാനവും, സംസ്ഥാനത്ത് പ്രത്യേകിച്ചും 2023-24 വർഷത്തിൽ ഉഷ്ണതരംഗം വീശിയിരുന്നു. ടി |

| | | | |
|---|---|---|---|
| | | | കാരണത്താൽ, പീക്ക് ഡിമാന്റും, വൈദ്യുതി ഉപയോഗവും ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ടി കാരണത്താൽ **2023-24** വർഷത്തിൽ വൈദ്യുതി ഉപയോഗം സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ **2,422** ദശലക്ഷം യൂണിറ്റ് വർദ്ധിച്ചിരുന്നു.<br><br>വരൾച്ചയും, ഉഷ്ണതരംഗവും പ്രകൃതി ദുരന്തത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതാണ്. ടി അനിയന്ത്രിതമായ സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനും, സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കുന്നതിനും വേണ്ടി, യൂണിറ്റിന് **10** രൂപ മുതൽ **12** രൂപ വരെ നിരക്കിൽ പീക്ക് സമയത്തും, രാത്രി കാലങ്ങളിലും വാങ്ങിക്കുകയുണ്ടായി. ഇതു കാരണം, വൈദ്യുതി വാങ്ങൽ ചെലവ് **2022-23 –** ൽ യൂണിറ്റിന് **3** രൂപ **15** പൈസയായിരുന്നത് **2023-24** വർഷത്തേയ്ക്ക് **4** രൂപ **34** പൈസയായി വർദ്ധിച്ചിരുന്നു.<br><br>സോളാർ ഉൽപ്പാദകർ പകൽ സമയത്തു മാത്രമാണ് അധിക വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഗ്രിഡിലേക്ക് നൽകിയത്. ഇവർ നൽകിയ വൈദ്യുതി പീക്ക് സമയത്തും രാത്രികാലങ്ങളിലും തിരികെ നൽകുന്നതിനും 10 രൂപ മുതൽ 12 രൂപ വരെയുള്ള അധികനിരക്കിൽ വൈദ്യുതി വാങ്ങി നൽകേണ്ടി വന്നു.<br><br>മേൽ കാരണങ്ങളാൽ, പീക്ക് സമയത്തും, രാത്രി കാലങ്ങളിലുമുണ്ടായ, ക്രമാതീതമായ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനു വേണ്ടി, പീക്ക് സമയത്തും രാത്രികാലങ്ങളിൽ അമിതവിലയ്ക്ക് വാങ്ങേണ്ടി വന്ന വൈദ്യുതി നിരക്ക് പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് കയറ്റുമതി ചെയ്ത അധിക വൈദ്യുതിക്ക് നൽകുന്നത് ഔചിത്യമല്ലെന്നാണ് കമ്മിഷൻ വിലയിരുത്തുന്നത്. എന്നാൽ, 2023-24 വർഷത്തിൽ, 2022-23 നെ അപേക്ഷിച്ചുണ്ടായ ഇൻഫ്ളേഷൻ കൂടി കണക്കിലെടുത്ത് മുൻ വർഷത്തെ അപേക്ഷിച്ച് യൂണിറ്റിന് 11 പൈസ അധികമായി നൽകി, 3 രൂപ 26 പൈസയാണ് 2024-25 മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തേക്ക് സെറ്റിൽമെന്റ് നിരക്കായി കമ്മീഷൻ അംഗീകരിച്ചത്. |
| (സി) | 2025 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് അർഹമായ എപിപിസി നിരക്ക് യൂണിറ്റിന് 4.34 രൂപയാണെന്ന് കെഎസ്ഇആർസി-യുടെ കണ്ടെത്തൽ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | മുൻ വർഷത്തെ വൈദ്യുതി വാങ്ങൽ ചെലവിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്ത് പുരപ്പുറ സോളാർ ഉത്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയുടെ സെറ്റിൽമെന്റ് നിരക്ക് നിശ്ചയിച്ചിരുന്നത്. |

എന്നാൽ 2023-24 വർത്തേയ്ക്ക്, താഴെപ്പറയുന്ന കാരണങ്ങളാൽ, വൈകുന്നേരം 6 മണി മുതൽ 10 മണി വരെയും, കൂടാതെ രാത്രി 10 മണി മുതൽ രാവിലെ 9 മണി വരെയുമുള്ള സമയങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായി വർദ്ധിക്കുകയും, അതു കാരണം ടി സമയങ്ങളിലെ വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രണാതീതമായി വർദ്ധിക്കുകയും ചെയ്തിരുന്നു.

I. സംസ്ഥാനത്ത് 2023-24 വർഷത്തിൽ, ലഭിച്ച മഴ, സാധാരണ ലഭിക്കുന്നതിനേക്കാൾ വളരെ കുറവായിരുന്നു. ഇതുകാരണം ജല വൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉത്പാദനത്തിൽ സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ **1,477** ദശലക്ഷം യൂണിറ്റ് കുറവുണ്ടായിരുന്നു.

II. രാജ്യത്താകമാനവും, സംസ്ഥാനത്ത് പ്രത്യേകിച്ചും 2023-24 വർഷത്തിൽ ഉഷ്ണതരംഗം വീശിയിരുന്നു. ടി കാരണത്താൽ, പീക്ക് ഡിമാന്റും, വൈദ്യുതി ഉപയോഗവും ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ടി കാരണത്താൽ **2023-24** വർഷത്തിൽ വൈദ്യുതി ഉപയോഗം സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ **2,422** ദശലക്ഷം യൂണിറ്റ് വർദ്ധിച്ചിരുന്നു.

വരൾച്ചയും, ഉഷ്ണതരംഗവും പ്രകൃതി ദുരന്തത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതാണ്. ടി അനിയന്ത്രിതമായ സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനും, സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കുന്നതിനും വേണ്ടി, യൂണിറ്റിന് **10** രൂപ മുതൽ **12** രൂപ വരെ നിരക്കിൽ പീക്ക് സമയത്തും, രാത്രി കാലങ്ങളിലും വാങ്ങിക്കുകയുണ്ടായി. ഇതു കാരണം, വൈദ്യുതി വാങ്ങൽ ചെലവ് **2022-23 –** ൽ യൂണിറ്റിന് **3** രൂപ **15** പൈസയായിരുന്നത് **2023-24** വർഷത്തേയ്ക്ക് **4** രൂപ **34** പൈസയായി വർദ്ധിച്ചിരുന്നു.

സോളാർ ഉൽപ്പാദകർ പകൽ സമയത്തു മാത്രമാണ് അധിക വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഗ്രിഡിലേക്ക് നൽകിയത്. ഇവർ നൽകിയ വൈദ്യുതി പീക്ക് സമയത്തും രാത്രികാലങ്ങളിലും തിരികെ നൽകുന്നതിനും 10 രൂപ മുതൽ 12 രൂപ വരെയുള്ള അധികനിരക്കിൽ വൈദ്യുതി വാങ്ങി നൽകേണ്ടി വന്നു.

മേൽ കാരണങ്ങളാൽ, പീക്ക് സമയത്തും, രാത്രി കാലങ്ങളിലുമുണ്ടായ, ക്രമാതീതമായ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനു വേണ്ടി, പീക്ക് സമയത്തും രാത്രികാലങ്ങളിൽ അമിതവിലയ്ക്ക്

| | | | |
|---|---|---|---|
| | | | വാങ്ങേണ്ടി വന്ന വൈദ്യുതി നിരക്ക് പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് കയറ്റുമതി ചെയ്ത അധിക വൈദ്യുതിക്ക് നൽകുന്നത് ഔചിത്യമല്ലെന്നാണ് കമ്മിഷൻ വിലയിരുത്തുന്നത്. എന്നാൽ, 2023-24 വർഷത്തിൽ, 2022-23 നെ അപേക്ഷിച്ചുണ്ടായ ഇൻഫ്ളേഷൻ കൂടി കണക്കിലെടുത്ത് മുൻ വർഷത്തെ അപേക്ഷിച്ച് യൂണിറ്റിന് 11 പൈസ അധികമായി നൽകി, 3 രൂപ 26 പൈസയാണ് 2024-25 മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തേക്ക് സെറ്റിൽമെന്റ് നിരക്കായി കമ്മീഷൻ അംഗീകരിച്ചത്. |
| (ഡി) | 2020-ലെ പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് ചട്ടങ്ങളെ മറികടന്ന് കെഎസ്ഇആർസി ഉപഭോക്താക്കൾക്ക് കുറഞ്ഞ സെറ്റിൽമെന്റ് നിരക്ക് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | മുൻ വർഷത്തെ വൈദ്യുതി വാങ്ങൽ ചെലവിനെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്ത് പുരപ്പുറ സോളാർ ഉത്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയുടെ സെറ്റിൽമെന്റ് നിരക്ക് നിശ്ചയിച്ചിരുന്നത്.<br><br>എന്നാൽ 2023-24 വർത്തേയ്ക്ക്, താഴെപ്പറയുന്ന കാരണങ്ങളാൽ, വൈകുന്നേരം 6 മണി മുതൽ 10 മണി വരെയും, കൂടാതെ രാത്രി 10 മണി മുതൽ രാവിലെ 9 മണി വരെയുമുള്ള സമയങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായി വർദ്ധിക്കുകയും, അതു കാരണം ടി സമയങ്ങളിലെ വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രണാതീതമായി വർദ്ധിക്കുകയും ചെയ്തിരുന്നു.<br><br>I. സംസ്ഥാനത്ത് 2023-24 വർഷത്തിൽ, ലഭിച്ച മഴ, സാധാരണ ലഭിക്കുന്നതിനേക്കാൾ വളരെ കുറവായിരുന്നു. ഇതുകാരണം ജല വൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉത്പാദനത്തിൽ സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ **1,477** ദശലക്ഷം യൂണിറ്റ് കുറവുണ്ടായിരുന്നു.<br><br>II. രാജ്യത്താകമാനവും, സംസ്ഥാനത്ത് പ്രത്യേകിച്ചും 2023-24 വർഷത്തിൽ ഉഷ്ണതരംഗം വീശിയിരുന്നു. ടി കാരണത്താൽ, പീക്ക് ഡിമാന്റും, വൈദ്യുതി ഉപയോഗവും ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ടി കാരണത്താൽ **2023-24** വർഷത്തിൽ വൈദ്യുതി ഉപയോഗം സാധാരണ പ്രതീക്ഷിച്ചതിനേക്കാൾ **2,422** ദശലക്ഷം യൂണിറ്റ് വർദ്ധിച്ചിരുന്നു.<br><br>വരൾച്ചയും, ഉഷ്ണതരംഗവും പ്രകൃതി ദുരന്തത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതാണ്. ടി അനിയന്ത്രിതമായ സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനും, സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കുന്നതിനും വേണ്ടി, യൂണിറ്റിന് **10** രൂപ മുതൽ **12** രൂപ വരെ നിരക്കിൽ പീക്ക് |

| | | | |
|---|---|---|---|
| | | | സമയത്തും, രാത്രി കാലങ്ങളിലും വാങ്ങിക്കുകയുണ്ടായി. ഇതു കാരണം, വൈദ്യുതി വാങ്ങൽ ചെലവ് **2022-23 –** ൽ യൂണിറ്റിന് **3** രൂപ **15** പൈസയായിരുന്നത് **2023-24** വർഷത്തേയ്ക്ക് **4** രൂപ **34** പൈസയായി വർദ്ധിച്ചിരുന്നു.<br><br>സോളാർ ഉൽപ്പാദകർ പകൽ സമയത്തു മാത്രമാണ് അധിക വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഗ്രിഡിലേക്ക് നൽകിയത്. ഇവർ നൽകിയ വൈദ്യുതി പീക്ക് സമയത്തും രാത്രികാലങ്ങളിലും തിരികെ നൽകുന്നതിനും 10 രൂപ മുതൽ 12 രൂപ വരെയുള്ള അധികനിരക്കിൽ വൈദ്യുതി വാങ്ങി നൽകേണ്ടി വന്നു.<br><br>മേൽ കാരണങ്ങളാൽ, പീക്ക് സമയത്തും, രാത്രി കാലങ്ങളിലുമുണ്ടായ, ക്രമാതീതമായ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനു വേണ്ടി, പീക്ക് സമയത്തും രാത്രികാലങ്ങളിൽ അമിതവിലയ്ക്ക് വാങ്ങേണ്ടി വന്ന വൈദ്യുതി നിരക്ക് പുരപ്പുറ സോളാർ ഉൽപ്പാദകർ പകൽ സമയത്ത് ഗ്രിഡിലേക്ക് കയറ്റുമതി ചെയ്ത അധിക വൈദ്യുതിക്ക് നൽകുന്നത് ഔചിത്യമല്ലെന്നാണ് കമ്മിഷൻ വിലയിരുത്തുന്നത്. എന്നാൽ, 2023-24 വർഷത്തിൽ, 2022-23 നെ അപേക്ഷിച്ചുണ്ടായ ഇൻഫ്ളേഷൻ കൂടി കണക്കിലെടുത്ത് മുൻ വർഷത്തെ അപേക്ഷിച്ച് യൂണിറ്റിന് 11 പൈസ അധികമായി നൽകി, 3 രൂപ 26 പൈസയാണ് 2024-25 മാർച്ച് 31 ന് അവസാനിക്കുന്ന വർഷത്തേക്ക് സെറ്റിൽമെന്റ് നിരക്കായി കമ്മീഷൻ അംഗീകരിച്ചത്. |
| (ഇ) | പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ 2020 പ്രകാരം സെറ്റിൽമെന്റ് കാലയളവിനുള്ള തീയതി എന്നാണ്; ആയത് പ്രകാരം കെഎസ്ഇആർസിയും കെഎസ്ഇബിഎല്ലും ഉത്പാദകർക്ക് സെറ്റിൽമെന്റ് പേയ്മെന്റ് വൈകിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ? | (ഇ) | പുനരുപയോഗ ഊർജ്ജ നെറ്റ്മീറ്ററിംഗ് റെഗുലേഷൻസ് അമെൻമെന്റ് 2022 പ്രകാരം സെറ്റിൽമെന്റ് കാലയളവിനുള്ള തീയതി ഏപ്രിൽ 01 മുതൽ അടുത്ത വർഷം മാർച്ച് 31 വരെയാണ്. കമ്മീഷൻ, ഓരോ വർഷവും, ട്രൂയിംഗ് അപ് ഉത്തരവിലൂടെയാണ്, സെറ്റിൽമെന്റ് നിരക്ക് അംഗീകരിക്കുന്നത്. 2023-24 വർഷത്തെ ട്രൂയിംഗ് അപ് ഉത്തരവ് 2025 ജൂൺ 30 നാണ് അംഗീകരിച്ചത്.<br><br>കമ്മീഷൻ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം, കെ. എസ്. ഇ. ബി. എൽ. നൽകുന്ന പെറ്റീഷൻ പരസ്യപ്പെടുത്തി, ഉപഭോക്താക്കളുടെയും മറ്റു തത്പരകക്ഷികളുടെയും അഭിപ്രായങ്ങൾ തേടി പൊതുതെളിവെടുപ്പ് നടത്തിയാണ് ട്രൂയിംഗ് അപ് ഉത്തരവ് ഇറക്കുന്നത്. സെറ്റിൽമെന്റ് പേയ്മെന്റ് വൈകിപ്പിക്കാൻ കമ്മീഷൻ ശ്രമിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ 2020 പ്രകാരം സെറ്റിൽമെന്റ് പീരിഡിന് ശേഷം ഒരു മാസകാലയളവിനുള്ളിൽ സെറ്റിൽമെന്റ് നടത്തണം എന്നാണ് റെഗുലേഷൻ സൂചിപ്പിക്കുന്നത്. എന്നാൽ നിലവിൽ സെറ്റിൽമെന്റ് നിരക്ക് (Average Pooled Power Cost - APPC) നിർണയിക്കുന്നത് റെഗുലേറ്ററി കമ്മീഷൻ ട്രൂയിങ് അപ്പ് ഉത്തരവിന്റെ ഭാഗമായാണ് ഇതിൽ കാലതാമസം വരുന്നുണ്ട്. ഇത് പരിഹരിക്കാൻ റെഗുലേറ്ററി കമ്മീഷന്റെ കരട് ചട്ടത്തിൽ APPC നിരക്ക് മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ